# നമ്മൾ ആരെയാണ് തിരഞ്ഞെടുക്കേണ്ടത് ?

SSF Kerala

# ജനാധിപത്യത്തിന്റെ ആത്മാവ് എവിടെയാണ്?




നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ജനാധിപത്യ പ്രക്രിയയാണ് തിരഞ്ഞെടുപ്പുകൾ. ജനാധിപത്യ വ്യവസ്ഥയെ ശക്തവും ദൃഢവും ആക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന തിരഞ്ഞെടുപ്പുകൾ പൗരന്മാരുടെ ജനാധിപത്യ ബോധം ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

SSF Kerala

# മൂന്നു വിധം തിരഞ്ഞെടുപ്പുകൾ

പ്രധാനമായും മൂന്ന് തരത്തിലുള്ള തിരഞ്ഞെടുപ്പുകളാണ് രാജ്യത്ത് നിലവിലുള്ളത്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്.
2. നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പ്.
3. പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പ്.

ഇതെല്ലാം അതിപ്രധാന തിരഞ്ഞെടുപ്പുകളാണ്.

SSF Kerala



# ഇതെന്തു തിരഞ്ഞെടുപ്പാണ്?

കേരളത്തിൽ ഇപ്പോൾ
ആഗതമായിരിക്കുന്നത് സംസ്ഥാന
നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പാണ്.
അടുത്ത അഞ്ചുവർഷത്തേക്ക് സംസ്ഥാനം
ആരു ഭരിക്കണം എന്ന്
നിശ്ചയിക്കുന്നതാണ് ഈ തിരഞ്ഞെടുപ്പ്.
ഒരു സംസ്ഥാനത്തിലെ ജനങ്ങൾ
തിരഞ്ഞെടുക്കുന്ന പ്രതിനിധിയാണ് MLA.
ഓരോ മണ്ഡലത്തിൽ (constituency)
നിന്നും ഒരാൾ വീതം MLA ആയി
നിയമസഭയിൽ ഉണ്ടാകും. കേരളത്തിൽ
140 നിയമസഭ മണ്ഡലങ്ങളാണുള്ളത്.
സാധാരണയായി ജനസംഖ്യയും
ഭൂമിശാസ്ത്രപരമായ ഘടനയും
അടിസ്ഥാനമാക്കിയാണ് മണ്ഡലങ്ങൾ
ക്രമീകരിക്കാറുള്ളത്.

SSF Kerala



# എന്തിനാണൊരു എം എൽ എ?

* ജനങ്ങളുടെ പ്രശ്നങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുന്നു.
* സംസ്ഥാന നിയമങ്ങൾ (laws) നിർമിക്കുന്നതിൽ പങ്കെടുക്കുന്നു.
* വികസന പ്രവർത്തനങ്ങൾക്കായി പ്രവർത്തിക്കുന്നു.

ഇതൊക്കെയാണ് ഒരു എം എൽ എയുടെ പ്രധാന ഉത്തരവാദിത്വം.
നമ്മുടെ പ്രദേശങ്ങളുടെ അടിസ്ഥാനപരമായ വികസനത്തിന് ഒരു MLA നൽകുന്ന സംഭാവനകൾ വളരെ പ്രധാനമാണ്. ആ മണ്ഡലത്തിന്റെ വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ സമഗ്രമായ വികസനത്തിന് ഒരു മികച്ച എം എൽ എയെ ഒരു നാട് അർഹിക്കുന്നുണ്ട്. മാത്രവുമല്ല മികച്ച രാഷ്ട്രീയ നിലപാടുകൾ വെച്ചുപുലർത്തിക്കൊണ്ട് ജനാധിപത്യത്തിന്റെ ശബ്ദമാവാൻ കൂടി നമ്മുടെ ജനപ്രതിനിധികൾക്ക് സാധിക്കേണ്ടതുണ്ട്. അതായത് നാം തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ ഒരു ജനതയുടെ സ്വപ്നം നിറവേറ്റാൻ പ്രാപ്തിയുള്ള ആളായിരിക്കണം എന്നർഥം.

SSF Kerala



# ഈ തിരഞ്ഞെടുപ്പിൽ നമ്മുടെ റോൾ?

കേവലം തിരഞ്ഞെടുപ്പുകൾ അടുക്കുമ്പോൾ പോളിംഗ് ബൂത്തിൽ പോയി വരിനിന്ന് ചൂണ്ടുവിരലിൽ മഷി പുരട്ടി വോട്ടിംഗ് ലിസ്റ്റിലുള്ള ഏതെങ്കിലും ഒരു സ്ഥാനാർഥിക്ക് വോട്ട് ചെയ്ത് പോരുക എന്നതുകൊണ്ട് നമ്മുടെ ജനാധിപത്യ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. നാം വോട്ട് ചെയ്യുന്ന ആളുകൾ അതിന് അർഹരാണോ എന്ന് ഓരോ ജനാധിപത്യ വിശ്വാസിയും ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തെ ഓരോ പൗരനും രാഷ്ട്രീയത്തിൽ അതീവ ജാഗ്രത പുലർത്തുന്ന ആളാവേണ്ടതുണ്ട്. നിരക്ഷരരിൽ ഏറ്റവും നിരക്ഷരൻ രാഷ്ട്രീയത്തെ കുറിച്ച് അറിയാത്തവനാണെന്ന ബ്രെഹ്ത്തിന്റെ വാക്കുകൾ പ്രശസ്തമാണ്. നമ്മുടെ രാജ്യത്തെ സാധാരണക്കാരുടെ ജീവൽ പ്രശ്നങ്ങളുടെ അന്തിമ പരിഹാരമാണ് ജനാധിപത്യം. നിരക്ഷരത, ദാരിദ്ര്യം, അഴിമതി, മലിനീകരണം, തൊഴിലില്ലായ്മ തുടങ്ങി രാജ്യം അനുഭവിക്കുന്ന നൂറുകണക്കിന് അടിസ്ഥാന പ്രശ്നങ്ങൾക്ക് രാഷ്ട്രീയ ജാഗ്രത പരിഹാരമാവുന്നുണ്ട്.

SSF Kerala

ഈ രാഷ്ട്രീയ ജാഗ്രതയെ സമൂഹത്തിന് ഗുണകരമാകുന്ന രൂപത്തിൽ ഏറ്റവും മനോഹരമായി വിനിയോഗിക്കുക എന്നതാണ് ജനാധിപത്യ രാജ്യത്തെ ഒരു പൗരന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം.



SSF Kerala